ആദിവാസികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ

191 (2221) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ക്ഷേമത്തിനായി വനംവകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണങ്ങൾമൂലമോ അപകടംമൂലമോ മരണമോ അംഗവൈകല്യമോ സംഭവിക്കുന്ന ആദിവാസികൾക്ക് എന്തെങ്കിലും പരിരക്ഷ നൽകുന്നുണ്ടോ ;

(സി) പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനും കുടിവെള്ള പദ്ധതികൾക്കും വനഭൂമി അനുവദിക്കുന്നതിന് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) വനാവകാശനിയമം നടപ്പാക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാർപ്പിടം, ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ അടിസ്ഥാന മേഖലകൾ കേന്ദ്രീകരിച്ച് വിവിധ ക്ഷേമപ്രവർത്തനങ്ങൾ ആദിവാസികൾക്കായി വനംവകുപ്പ് നടപ്പാക്കുന്നു. പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ, ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കുന്നത്. വനാവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളോടൊപ്പം താഴെപ്പറയുന്ന പരിപാടികളും നടപ്പാക്കുന്നു :

1. വനമേഖലയിലെ ആദിവാസികൾക്ക് പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.

2. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളുടെ ഗുണഭോക്താക്കളായ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആദിവാസികൾക്ക് സൗജന്യമായി തടി നൽകുന്നതിനുള്ള നടപടികൾ തുടരുന്നു.

3. ചെറുകിട വനവിഭവങ്ങൾ ആദിവാസികൾക്ക് സൗജന്യമായി അലോട്ടു ചെയ്യുന്നു.

4. മൂല്യവർദ്ധിത വിഭവങ്ങളാക്കി 'വനശ്രീ' കേന്ദ്രങ്ങൾവഴി വിപണനം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് സൗജന്യ നിരക്കിൽ ഈറ്റയും മുളയും നൽകുന്നു.

6. വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസി കോളനികളിൽ അടിസ്ഥാനസൗകര്യവികസന പ്രവർത്തനത്തിനായി 1 ഹെക്ടർവരെ വനഭൂമി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തലത്തിൽ നൽകുന്നു.

7. സെറ്റിൽമെന്റുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം, സെറ്റിൽമെന്റുകളിലേക്കുള്ള റോഡുനിർമ്മാണം, ജൈവ കൃഷി പ്രോൽസാഹിപ്പിക്കൽ, കുരുമുളകുൾപ്പെടെയുള്ള വിഭവങ്ങൾ വിദേശത്തേക്കു കയറ്റി അയയ്ക്കൽ, പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് ഭവന നിർമ്മാണം, ഹോസ്റ്റൽ കെട്ടിടനിർമ്മാണം, കുടിവെള്ള പദ്ധതി, സംയോജിത ഊരുവികസന പ്രവർത്തനങ്ങൾ, ആരോഗ്യ പരിരക്ഷയ്ക്കായി മെഡിക്കൽ ക്യാമ്പുകൾ, അപകട മരണത്തിനും, വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുമെതിരെ ഇൻഷ്വറൻസ് പരിരക്ഷ എന്നിവയടക്കം നിരവധി പരിപാടികളാണ് നടപ്പാക്കുന്നത്.

(ബി) വനമേഖലയിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വനംവകുപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ടോ വന്യ ജീവികളുടെ ആക്രമണം മൂലമോ മരണമോ അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി വഴി ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്നു. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മരണം അംഗവൈകല്യം എന്നിവയ്ക്ക് 1,00,000 രൂപയും ചികിത്സാനുകൂല്യമായി 5,000 രൂപയും യാത്രാചെലവിനായി 1,000 രൂപയും ലഭിക്കുന്നതാണ്. പ്രകൃതിദുരന്തം, വന്യജീവി ആക്രമണം എന്നിവമൂലം കുടിലുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് 5,000 രൂപവരെ ലഭിക്കും.

(സി) കേന്ദ്ര സർക്കാരിന്റെ 18-5-2009-ലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വനാവകാശ നിയമത്തിലെ പരിധിയിൽവരുന്ന സെറ്റിൽമെന്റുകളിലെ 13 തരം വികസനാവശ്യങ്ങൾക്കായി 1 ഹെക്ടർവരെ വനഭൂമി 75 മരങ്ങൾവരെ മുറിച്ചു മാറ്റാമെന്ന വ്യവസ്ഥയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തലത്തിൽ അനുവദിച്ചുനൽകുന്നു.

(ഡി) കേന്ദ്രസർക്കാർ പാസ്സാക്കിയ വനാവകാശ നിയമം സംസ്ഥാനത്തു നടപ്പാക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പും, വനംവകുപ്പും, റവന്യൂ വകുപ്പും കൂടിച്ചേർന്നാണ്. പട്ടികവർഗ്ഗ വികസന വകുപ്പാണ് നോഡൽ

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസി, വനാവകാശ നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും പ്രതിപാദിക്കുന്ന ഗ്രാമസഭകൾ, വനാവകാശ കമ്മിറ്റികൾ സബ്ഡിവിഷണൽ ലെവൽ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവകൾ സമയബന്ധിതമായി രൂപീകരിച്ചു. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി ആദിവാസികൾക്കിടയിൽ വനാവകാശ നിയമത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ആകെ കിട്ടിയ 36,123 വ്യക്തിഗത അപേക്ഷകളിൽ 14,736 അപേക്ഷകളിൽ നടപടി പൂർത്തിയാക്കി അവകാശങ്ങൾ വിതരണം ചെയ്യുകയുണ്ടായി. 26,850 അപേക്ഷകളിൽ സർവ്വേ പൂർത്തിയാക്കിക്കഴിഞ്ഞു. ഇതിൽ 23,407 അപേക്ഷകൾ സബ്ഡിവിഷണൽ ലെവൽക്കമ്മിറ്റിയും 21,913 അപേക്ഷകൾ ജില്ലാതല കമ്മിറ്റിയും പാസ്സാക്കി. ആകെ 17,842 ഏക്കർ വനഭൂമി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

വനസംരക്ഷണ സേനയുടെ നവീകരണം

192 (2222) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണ സേനയുടെ നവീകരണത്തിനായി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ഇതിനായി എന്ത് തുക വകയിരുത്തി ; ചെലവഴിച്ചത് എത്ര ?

ഉത്തരം

(എ) വനസംരക്ഷണസേനയുടെ നവീകരണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. വനം വകുപ്പിന്റെ നവീകരണത്തിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് ചുവടെ കുറിക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ സർക്കാർ ഉത്തരവ് ജി.ഒ.(എം)എസ്.) നമ്പർ 22/2010/വനം വന്യജീവി വകുപ്പ് തീയതി 21-5-2010 പ്രകാരം നിയമിച്ചിട്ടുണ്ട്.

1. ശ്രീ. റ്റി.എം. മനോഹരൻ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ചെയർമാൻ)

2. ശ്രീ. സി. കെ. ശ്രീധർ, റിട്ട. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തമിഴ്നാട്.

3. പ്രൊഫസർ. കുഞ്ഞികൃഷ്ണൻ, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly